# ഏതു ദിവസമാണ് യേശു മരിച്ചത്?

"മൂന്നു രാവും മൂന്നു പകലും" എന്ന ലേഖനം കൂടെ ഉൾപ്പെട്ടതാണ് *ക്രിസ്തുവിന്റെ ജീവിതം, 1* എന്ന പുസ്തകം (മത്തായി 12:40), അതിനോടു കൂടെ പരിഗണിക്കുവാനുള്ള വാഗ്ദാനവുമായി യേശുവിന്റെ ഉയർത്തെഴു ന്നേൽപ്പിനെ കുറിച്ചുള്ള ഗഹനമായ ഒരു പഠനവുമുണ്ട്. മറ്റു സമയത്ത്, അവന്റെ അവസാന ആഴ്ച്ചയുടെ കാലനിർണ്ണയവും ചർച്ച ചെയ്യുവാൻ ശ്രമി ച്ചിട്ടുണ്ട് - പ്രത്യേകിച്ച് ഏതു ദിവസം യേശു മരിച്ചു എന്നും എത്രത്തോളം അവൻ കല്ലറയിലുണ്ടായിരുന്നു എന്നും. യേശു കല്ലറയിലായിരുന്നതു സംബ ന്ധിച്ച മിക്കവാറും വേദഭാഗങ്ങൾ നമ്മുടെ കഴിഞ്ഞ പഠനങ്ങളിൽ നാം നോക്കുകയുണ്ടായി, എന്നാൽ ആ വിഷയത്തെ മുഴുവനായും നോക്കേണ്ട സമയമായിരിക്കുന്നു.

*യേശു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഉയർത്തെഴുന്നേറ്റു* എന്ന വസ്തുതയെ ആസ്പദമാക്കിയാണ് നമ്മുടെ ചർച്ച ആരംഭിക്കുന്നത്. "ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ പുലർച്ചെ" നമ്മുടെ കർത്താവ് ഉയർത്തെഴു ന്നേറ്റു എന്നാണ് മർക്കൊസ് എഴുതിയത് (മർക്കൊസ് 16:9)[1] - മറ്റു സുവിശേ ഷങ്ങളും അതു തന്നെയാണ് പറയുന്നത്,[2] നാം മുൻപോട്ട് പോകുന്നതിനു മുൻപ് ഈ അടിസ്ഥാന സത്യം നാം അംഗീകരിക്കണം.

അവൻ *ഉയർത്തെഴുന്നേറ്റ* ദിവസം നാം അംഗീകരിച്ചാൽ ആദ്യത്തെ ചോദ്യം നിലനില്ക്കുന്നു: "ഏതു ദിവസമാണ് യേശു മരിച്ചത്?" വർഷങ്ങ ളായി യെഹൂദന്മാരുടെ ആറാം ദിവസമാണ് യേശു മരിച്ചതെന്നാണ് മിക്ക പേരും വിശ്വസിച്ചിരുന്നത് - അതു ഏതാണ്ട് നമ്മുടെ വെള്ളിയാഴ്ച്ചയായി വരും.[3] റോബർട്ട് തോമസും സ്റ്റാൻലി ഗൺഡ്രിയും എഴുതി, "സഭ ... പരമ്പ രാഗതമായി യേശു മരിച്ചത് വെള്ളിയാഴ്ച്ചയായിട്ടാണ് കാണുന്നത് ... വെ ള്ളിയാഴ്ച്ച ക്രൂശിൽ തറെച്ചു എന്നതാണ് ഏറ്റവും നല്ല ബൈബിൽ തെളിവ് വ്യക്തമാക്കുന്നത്."[4] ആ തീർപ്പിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ക്രിസ്തു വിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച തയ്യാറാക്കിയത്.

എങ്ങനെയായാലും, വർഷങ്ങളോളം, വ്യത്യസ്ത അഭിപ്രായമുള്ള കാഴ്ച്ച പ്പാടുകൾ വരുവാൻ തുടങ്ങി. ഉദാഹരണമായി, സഭയിലെ ഒരു വിഭാഗം ആളുകൾ, ക്രിസ്തു പെസഹാ ഭക്ഷിച്ച ദിവസം മനുഷ്യ-നിർമ്മിതമായ ആഘോഷം നടത്തുവാൻ തുടങ്ങി. ആ പരിശീലനത്തിനെതിരായി, ക്രിസ്തു പെസഹാ ഭക്ഷിച്ചു എന്നത് നിരസിക്കയുണ്ടായി. ക്രിസ്തു മരിച്ച ദിവസം ഭക്ഷിച്ചത് (അതെന്തായാലും) ക്രിസ്തു മരിച്ച ദിവസത്തെ തന്നെ ബാധിക്കു വാൻ തുടങ്ങി.

യേശു വെള്ളിയാഴ്ച്ച മരിച്ചില്ല എന്ന് ഇന്നും പഠിപ്പിക്കുന്നവരുണ്ട്. ക്രിസ്തുവിനെ ക്രൂശിച്ചത് വ്യാഴാഴ്ച്ചയാണെന്ന് വാദിച്ച ഗ്രീക്ക് പണ്ഡിത നായിരുന്നു ബി. എഫ്. വെസ്റ്റ്കോട്ട്.[5] യേശു ഒരുപക്ഷെ വ്യാഴാഴ്ച്ച മരിച്ചി രിക്കാമെന്നാണ് പ്രചാരമുള്ള *നരേറ്റഡ് ബൈബിൾ* പറയുന്നത്.[6] കർത്താവ് മരിച്ചത് ബുധനാഴ്ച്ചയാണെന്ന് വിദേശത്തുള്ള എന്റെ ഒരു സഹോദരൻ അയച്ചുതന്ന ചെറിയ പുസ്തകത്തിൽ പറയുന്നു.

ആ ചോദ്യം ഒരു *വിശ്വാസസംബന്ധമായ കാര്യമല്ല* എന്നതിലാണ് നാം അന്തിമമായി എത്തിച്ചേരുന്നത്. യേശു ഒന്നാം നാൾ ഉയർത്തെഴുന്നേറ്റു എന്നു യോജിക്കുന്നേടത്തോളം നമ്മുടെ കൂട്ടായ്മക്കു വിഘ്നം വരുത്താതെ ക്രിസ്തു മരിച്ച ദിവസത്തെ കുറിച്ചുള്ള അഭിപ്രായത്തിൽ നമുക്ക് വിയോജിക്കാം. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ചയിലെ സംഭവങ്ങൾ ക്രമീകരിക്കുന്നതിനാണ് ആ ചോദ്യം പ്രാഥമികമായി പ്രയോജനപ്പെടുക. എന്നിരുന്നാലും, ചിലർ അതിനെ കുറിച്ച് വിചാരിക്കുന്നതുകൊണ്ട് നമുക്ക് അതു ചർച്ച ചെയ്യാം.

## അവൻ വെള്ളിയാഴ്ച്ച മരിച്ചു എന്ന് വിശ്വസിക്കുവാനുള്ള കാരണങ്ങൾ

ക്രിസ്തു വെള്ളിയാഴ്ച്ച മരിച്ചു എന്ന്, ഞാൻ വിശ്വസിക്കുവാനുള്ള രണ്ടു കാരണങ്ങൾ, ആദ്യം പറയട്ടെ. (ഈ ലേഖനത്തിലെ കുറിപ്പുകൾ നല്കിയിരിക്കുന്നതു കഴിഞ്ഞ പഠനങ്ങളെ കുറിച്ച് നിങ്ങൾക്ക് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനാണ്.)

(1) യേശു വാസ്തവത്തിൽ പെസഹാ ഭക്ഷിച്ചു എന്നാണ് ഞാൻ വിശ്വസിക്കുന്നത്, അല്ലാതെ "പെസഹാ-പോലെ-ഉള്ളതല്ല, എന്നാൽ ഏക-പെസഹാ-ഭക്ഷണവും-ആയിരുന്നില്ല."[7] ക്രിസ്തു വാസ്തവത്തിൽ പെസഹാ ഭക്ഷിച്ചോ ഇല്ലയോ എന്നത് ഈ ചർച്ചക്ക് ആവശ്യമുള്ള കാര്യമാണ്. ലൂക്കൊസ് എഴുതി, "*പെസഹാ കുഞ്ഞാടിനെ* അറുക്കേണ്ടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയി" (ലൂക്കൊസ് 22:7; എംഫസിസ് മൈൻ). മത്തായി പറഞ്ഞു, "പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു, *നീ* പെസഹാ കഴിപ്പാൻ ഞങ്ങൾ ഒരുക്കേണ്ടത് എവിടെ എന്നു ചോദിച്ചു" (മത്തായി 26:17; എംഫസിസ് മൈൻ). യേശു ശിഷ്യന്മാരോട് പറഞ്ഞു, "നിങ്ങൾ നഗരത്തിൽ ഇന്നവന്റെ അടുക്കൽ ചെന്ന് എന്റെ സമയം അടുത്തിരിക്കുന്നു, ഞാൻ എന്റെ ശിഷ്യന്മാരുമായി നിന്റെ അടുക്കൽ *പെസഹ കഴിക്കും* എന്ന് ഗുരു പറയുന്നു" (മത്തായി 26:18; എംഫസിസ് മൈൻ). "ശിഷ്യന്മാർ യേശു കല്പിച്ചതുപോലെ ചെയ്തു *പെസഹ* ഒരുക്കി (മത്തായി 26:19; എംഫസിസ് മൈൻ), "സന്ധ്യയായപ്പോൾ [പെസഹ തുടങ്ങുന്നത് സൂര്യാസ്തമയം മുതലും ഒരുക്കനാളിന്ശേഷവുമാണ്] അവൻ പന്ത്രണ്ടു ശിഷ്യന്മാരോടുകൂടെ പന്തിയിൽ ഇരുന്നു" (മത്തായി 26:20). അവൻ തന്റെ ശിഷ്യന്മാരോടുകൂടെ മേശമേൽ ചാരിയിരുന്നുകൊണ്ട്, "അവരോട് പറഞ്ഞു, ഞാൻ കഷ്ടം അനുഭവിക്കും മുമ്പെ, *ഈ പെസഹ* നിങ്ങളോടുകൂടെ കഴിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു" (ലൂക്കൊസ് 22:15; എംഫസിസ് മൈൻ). യേശു പെസഹ ഭക്ഷിച്ചു എന്ന് ഈ വേദഭാഗങ്ങളിൽനിന്ന് ഞാൻ തീർച്ചപ്പെടുത്തുന്നു.[8] പെസഹ ഭക്ഷിച്ച ദിവസം യേശു മരിച്ചതുകൊണ്ടും, ആ വർഷം പെസഹ വന്നതു വെള്ളിയാഴ്ച്ചയായിരുന്നു എന്ന് പൊതുവിൽ എല്ലാവരും സമ്മതിക്കയാലും, യേശു മരിച്ചതു വെള്ളിയാഴ്ച്ചയായിരുന്നു എന്നു തീർത്തു പറയാം.

(2) ഏഴാം-നാളായ *ശബ്ബത്തിന്* മുൻപ് യേശു മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. യേശു മരിച്ചത് "ഒരുക്കനാളിലായിരുന്നു" എന്നു എല്ലാ സുവിശേഷവിവരണങ്ങളും പറയുന്നു (യോഹന്നാൻ 19:31; മർക്കൊസ് 15:42; ലൂക്കൊസ് 23:54; മത്തായി 27:62). അതു ശബ്ബത്തിനുവേണ്ടിയുള്ള ഒരുക്ക

നാളായിരുന്നു. മർക്കൊസ് എഴുതിയത്, ‘‘അന്ന് ഒരുക്കനാളായിരുന്നു’’ എന്നാണ്, അതായത് *ശബ്ബത്തിന് തലേദിവസം*” (മർക്കൊസ് 15:42; ലൂക്കൊസ് 23:54; യോഹന്നാൻ 19:31 നോക്കുക; എംഫസിസ് മൈൻ). പെരുന്നാളിനിടയിലെ “ശബ്ബത്ത്” പ്രത്യേക “വിശ്രമദിനം” ആയി കണക്കാക്കുവാൻ ശ്രമിച്ചിട്ടുണ്ട്, എന്നാൽ ലൂക്കൊസിന്റെ കാലനിർണ്ണയമനുസരിച്ച് രണ്ട് സ്ത്രീകൾ കല്ലറയിലേക്ക് പോയതു നോക്കുമ്പോൾ അത്തരം ചിന്ത ഇല്ലാതാക്കുന്നു.

- യോസേഫും നിക്കൊദേമോസും യേശുവിനെ അടക്കുന്നതിനെ കുറിച്ച് ലൂക്കൊസ് എഴുതി, “അന്ന് ഒരുക്കനാൾ ആയിരുന്ന, *ശബ്ബത്തും ആരംഭിച്ചു*” (ലൂക്കൊസ് 23:54; എംഫസിസ് മൈൻ). രണ്ടു പുരുഷന്മാർ യേശുവിന്റെ ശരീരം ഒരുക്കിക്കൊണ്ടിരുന്നപ്പോൾ രണ്ടു സ്ത്രീകൾ നോക്കിയിരുന്നു (ലൂക്കൊസ് 23:55).
- സൂര്യൻ അസ്തമിക്കയും ശബ്ബത്തു തുടങ്ങുകയും ചെയ്തതുകൊണ്ട്, ആ രണ്ടു സ്ത്രീകൾ “അവർ [താമസിച്ചിരുന്ന സ്ഥലത്തേക്ക് തിരിച്ചു]പോയി സുഗന്ധ ദ്രവ്യങ്ങൾ തയ്യാറാക്കി” (ലൂക്കൊസ് 23:56). പിന്നെ “*ശബ്ബത്തിൽ* അവർ കല്പന പോലെ *വിശ്രമിച്ചു*” (ലൂക്കൊസ് 23:56; എംഫസിസ് മൈൻ).
- “*ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം* അവർ ഒരുക്കിയ സുഗന്ധവർഗം എടുത്ത് കല്ലറക്കൽ എത്തി” (ലൂക്കൊസ് 24:1; എംഫസിസ് മൈൻ).

വേദഭാഗത്ത് ലൂക്കൊസ് 23:56 നുശേഷമാണ് 24:1 വരുന്നത്. ആ സ്ത്രീകൾ വിശ്രമിച്ച ശബ്ബത്തിനുശേഷം ഉടനെ വരുന്നതാണ് “ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം” (മത്തായി 28:1 നോക്കുക). അതു സൂചിപ്പിക്കുന്നത് ആ ശബ്ബത്ത് സാധാരണ ഏഴാം-ദിവസ ശബ്ബത്തായിരുന്നു എന്നാണ്.തിരിച്ച്, ശബ്ബത്തിനു മുൻപുള്ള ദിവസം (ക്രിസ്തു മരിച്ച ദിവസം) സാധാരണ ആഴ്ച്ചയുടെ ആറാം - ദിവസമായിരുന്നു - അല്ലെങ്കിൽ, വെള്ളിയാഴ്ച്ച ആയിരുന്നു.

## എതിർപ്പ് #1: മൂന്നു രാത്രികൾ അർത്ഥം “72 മണിക്കൂറുകൾ”

ക്രിസ്തു വെള്ളിയാഴ്ച്ച മരിച്ചു എന്നതിനെ പ്രാഥമികമായി എതിർക്കുവാൻ എടുക്കുന്നത് മത്തായി 12:40 ലെ അവന്റെ പ്രസ്താവനയാണ്: ‘‘... യോനാ കടലാനയുടെ വയറ്റിൽ മുന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും” (മത്തായി 12:40). ചിലർ അവന്റെ മരണദിവസം കണക്കാക്കുവാൻ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ, യേശു ഉയർത്തെഴുന്നേറ്റ ദിവസത്തിൽനിന്നു പുറകോട്ട് അക്ഷരികമായി എടുക്കും. പിന്നെ അവർ അവരുടെ ആ തീർപ്പിനു യോജിക്കുന്ന വിധത്തിൽ വേദഭാഗത്തിന് മറ്റു വിശദാംശങ്ങൾ കൊടുക്കും.

യേശു “മൂന്നു രാവും മൂന്നു പകലും” എന്നു പറഞ്ഞതു അക്ഷരികമായ ഇരുപത്തി-നാലു-മണിക്കുർ കാലയളവായിരുന്നോ? എന്നതാണ് ചോദ്യം.[9] താൻ പലപ്പോഴും “മൂന്നാം *നാൾ* ഉയർത്തെഴുന്നേല്ക്കും” എന്നു പറഞ്ഞതു ആ അർത്ഥത്തിലായിരുന്നില്ല എന്ന് തോന്നുന്നു (മത്തായി 16:21;

17:23; 20:19; ലൂക്കൊസ് 24:7, 21, 46; എംഫസിസ് മൈൻ). പ്രാരംഭസഭയുടെ വിശ്വാസത്തെ ദൈവശ്വാസിയമായി പൗലൊസ് പറയുന്നു, "യേശു മൂന്നാം *നാൾ* ഉയർത്തെഴുന്നേറ്റു" എന്നു പറയുമ്പോൾ വ്യക്തമാക്കുന്നു (1 കൊരിന്ത്യർ 15:4; എംഫസിസ് മൈൻ), ഉയർത്തെഴുന്നേല്പ് അക്ഷരികമായ "മൂന്നു രാവും മൂന്നു പകലു" മാണെങ്കിൽ "മൂന്നാം നാളല്ല, നാലാം നാളായി മാറും."[10]

പഴയ നിയമത്തിലെ അതേ പദപ്രയോഗത്തിന്, എസ്ഥേർ 4:16 ഉം 5:1 ഉം നോക്കുക: 4:16–ൽ, എസ്ഥേർ മോർദ്ദേഖായിയോടും മറ്റു യെഹൂദന്മാരോടും "മൂന്നു ദിവസം" ഉപവസിക്കുവാൻ അപേക്ഷിക്കുകയും അവളും ദാസിമാരും അങ്ങനെ ചെയ്യുമെന്നും പറഞ്ഞു. മുന്നു ദിവസങ്ങൾക്ക് ശേഷം അവൾ രാജാവിനെ കാണുവാൻ പോകും. എങ്ങനെയായാലും, 5:1 പറയുന്നത് "ഏതാണ്ട്, മൂന്നാം നാൾ" എസ്ഥേർ രാജാവിന്റെ അടുക്കൽ ചെന്നു. "മൂന്നാം" എന്നതിനും "ഏതാണ്ട്" എന്നതിനും അടിവരയിടുക.

മത്തായി 12 ലും എസ്ഥേർ 4 ലും 5 ലും അയഞ്ഞ് ഉപയോഗിച്ചിരിക്കുന്ന "മൂന്നാം നാൾ" എന്നതിനെ നാം എങ്ങനെ വിശദീകരിക്കും? "ഒരു പരമ്പരയുടെ ആദ്യമോ അവസാനമോ ഒരു ദിവസത്തിന്റെ ഭാഗമായി വരുന്നതിനെ മുഴുവൻ സമയമായി യെഹൂദന്മാർ കണക്കാക്കുമെന്ന്" മിക്ക പണ്ഡിതന്മാരും സമ്മതിക്കും.[11] സമയത്തിന്റെ ഈ ഒഴുക്കൻ മട്ടിലുള്ള ഉപയോഗം ഈ ചർച്ചയിലെ മുഖ്യ വേദഭാഗങ്ങളിൽ കാണാം:

- ചിലപ്പോൾ യേശു മൂന്നു ദിവസങ്ങൾക്കു ശേഷം ഉയർത്തെഴുന്നേല്ക്കുമെന്ന് പറയുന്നുണ്ട് (ഗ്രീക്ക്: *മെറ്റാ*) (മത്തായി 27:63; മർക്കൊസ് 8:31; മർക്കൊസ് 9:31; 10:34[12]).
- നേരെ മറിച്ച്, യേശു *മൂന്നാം* നാൾ ഉയർത്തെഴുന്നേൽക്കുമെന്നും തിരുവെഴുത്തു വ്യക്തമാക്കുന്നുണ്ട് (മത്തായി 16:21; 17:23; 20:19; ലൂക്കൊസ് 9:22; 18:33; 24:7, 46; 1 കൊരിന്ത്യർ 15:4).
- ചിലപ്പോൾ സമാന്തരവേദഭാഗങ്ങളിൽ, ഉയർത്തെഴുന്നേല്പിനെ കുറിച്ച് പറയുമ്പോൾ, "ശേഷം" എന്നും "നാൾ" എന്നും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്.ഉദാഹരണത്തിന്, നല്ല ഏറ്റു പറച്ചലിനു ശേഷം, "മുന്നു ദിവസ*ശേഷം*" താൻ ഉയർത്തെഴുന്നേല്ക്കുമെന്ന് കർത്താവ് പറഞ്ഞതായി മർക്കൊസ് എഴുതി (മർക്കൊസ് 8:31; എംഫസിസ് മൈൻ) എന്നാൽ, മത്തായിയും ലൂക്കൊസും പറയുന്നതനുസരിച്ച് കർത്താവ് പറഞ്ഞത്, "മൂന്നാം *നാൾ*" ഉയർത്തെഴുന്നേല്ക്കുമെന്നാണ് (മത്തായി 16:21; ലൂക്കൊസ് 9:22; എംഫസിസ് മൈൻ).
- "മൂന്നു ദിവസങ്ങൾക്ക് *ശേഷം* അവൻ ഉയർത്തെഴുന്നേല്ക്കും" എന്ന് കർത്താവ് പറഞ്ഞതായിട്ടാണ് അവന്റെ ശത്രുക്കൾ പറഞ്ഞത് (മത്തായി 27:63; എംഫസിസ് മൈൻ), എന്നാൽ ആ "മൂന്നു ദിവസം" എന്നതു ഇരുപത്തി–നാലു–മണിക്കൂറനുസരിച്ചുള്ള ദിവസമാണെന്ന് അവർ മനസിലാക്കിയിരുന്നില്ല. മറിച്ച്, കല്ലറ "മൂന്നാം നാൾ *വരെ*" ഭദ്രമായി സൂക്ഷിക്കുവാനായിരുന്നു അവരുടെ ശ്രദ്ധ (മത്തായി 27:64; എംഫസിസ് മൈൻ).[13]

യേശുവിന്റെ മരണത്തിന് ഏതു ദിവസം എടുത്താലും ശരി. "'മൂന്നു

രാവും മൂന്നു പകലും’ എന്നതിന്റെ അർത്ഥം എഴുപത്തിരണ്ടു മണിക്കൂറാണെന്ന കർശനമായ നിലപാട് സുവിശേഷവിവരണങ്ങളിൽനിന്ന് എടുക്കാവുന്നതല്ല.”[14] “കാലനിർണ്ണയത്തിന്റെ കണക്ക് കൃത്യമാക്കുകയായിരുന്നില്ല മത്തായി 12:40 ലെ യേശുവിന്റെ ലക്ഷ്യം.”[15] മറിച്ച്, യോനാ മൽസ്യത്തിനുള്ളിൽ “അടക്കപ്പെട്ടതു” പോലെ ആലങ്കാരികമായി താനും ഭൂമിക്കടിയിൽ ആയിരിക്കും എന്നാണ് പറഞ്ഞത്.

### എതിർപ്പ് 2: സംക്ഷിപ്തസുവിശേഷങ്ങളിൽനിന്നും വ്യത്യസ്തമാണ് യോഹന്നാനിലെ പിന്തുടർച്ച

മത്തായി 12:40 നു ശേഷം, സംക്ഷിപ്തസുവിശേഷ വിവരണങ്ങളിലേതിതിലെ ക്രിസ്തുവിന്റെ ജീവിതത്തിലെ സംഭവങ്ങളിൽനിന്നു വ്യത്യസ്തമാണ് യോഹന്നാനിലെ അഞ്ചു വേദഭാഗങ്ങളിലെ കാലനിർണ്ണയം എന്നതാണ് ക്രിസതുവിന്റെ വെള്ളിയാഴ്ച്ച മരണത്തെ എതിർക്കുന്ന പൊതുവായ മറ്റൊന്ന്. ഈ വേദഭാഗങ്ങളെ കുറിച്ച് ഏ. റ്റി. റോബർട്ട്സൺ ഈ വിപുലമായ ചർച്ച നടത്തിയിട്ടുണ്ട്: “ഈ വേദഭാഗങ്ങളെ ... ശ്രദ്ധിച്ച് പരിശോധിച്ചാൽ ... സാധാരണസമയത്തിന് ഒരു ദിവസം മുൻപ് യേശു പെസഹാ ഭക്ഷിച്ചു എന്നല്ല, പക്ഷെ സംഭവിച്ചത് അതിനെതിരാണെന്നാണ് യോഹന്നാൻ പറയുന്നത് എന്ന് മനസിലാക്കാം.”[16] സ്ഥലപരിമിതി മൂലം ചോദ്യത്തിലെ ഏതാനും വേദഭാഗങ്ങളും കുറെ അഭിപ്രായങ്ങളും മാത്രമെ ചേർത്തിട്ടുള്ളു.[17]

- യോഹന്നാൻ 13:1-ൽ “പെസഹാ പെരുന്നാളിനു മുൻപ്” എന്നാണ്, പക്ഷെ അടുത്തവാക്യം പറയുന്നത് ‘‘അത്താഴം ആയപ്പോൾ’’ എന്നാണ്. വെള്ളിയാഴ്ച്ച ക്രൂശിൽ തറെച്ചു എന്നതു നിഷേധിക്കുന്നവർ യോഹന്നാൻ 13:1, 2 എടുത്ത് മാളികമുറിയിൽ വെച്ച് അവർ ഭക്ഷിച്ചതു പെസഹ ആയിരുന്നില്ല എന്ന് പറയും. എങ്ങനെയായാലും, യോഹന്നാന്റെ വിവരണത്തെ സംക്ഷിപ്തസുവിശേഷവിവരണവുമായി താരതമ്മ്യം ചെയ്താൽ, യോഹന്നാൻ 13:1 പറയുന്നത് പെസഹക്ക് തൊട്ടു മുൻപാണെന്നും, എന്നാൽ വാക്യം 2-ൽ പറയുന്നത് പെസഹാ ഭക്ഷണമാണെന്നും വ്യക്തമാകും.
- മാളിക-മുറിയിലെ. അത്താഴത്തിനിടയിൽ, യേശു യൂദയോട്, “നീ ചെയ്യുന്നത് വേഗത്തിൽ ചെയ്യുക എന്നു പറഞ്ഞു” (യോഹന്നാൻ 13:27). യേശു അവനോട്, “പെരുന്നാളിന് വേണ്ട സാധനങ്ങൾ വാങ്ങുവാൻ പറഞ്ഞു’’ എന്നാണ് മറ്റു അപ്പൊസ്തലന്മാർ കരുതിയത് (യോഹന്നാൻ 13:29). വെള്ളിയാഴ്ച്ചയിലെ ക്രൂശിക്കൽ തള്ളിക്കളയുന്നവർ ‘‘പെരുന്നാൾ’’ സൂചിപ്പിക്കുന്നതു പെസഹ ആണെന്നാണ്, അതുകൊണ്ട് യേശുവിനും ശിഷ്യന്മാർക്കും പെസഹ ഭക്ഷിപ്പാൻ കഴിഞ്ഞില്ല എന്നാണ് അവർ വിചാരിക്കുന്നത്. അത് ഒരുഅനാവശ്യമായ തീർപ്പാണ്. ഒരാഴ്ച്ച-നീളുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിനുശേഷം ഒരു ഏക-ദിന പെസഹാ പെരുന്നാളുമുണ്ടായിരുന്നു. യൂദാ പോയത് തുടർന്നുള്ള പെരുന്നാളിന്റെ ഒരുക്കത്തിനായിരിക്കുമെന്ന് മറ്റ് അപ്പൊസ്തലന്മാർ വിചാരിക്കുവാനും സാധ്യതയുണ്ട്.
- യെഹൂദപ്രമാണിമാർ യേശുവിനെ പിലാത്തൊസിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ, “അശുദ്ധമാകാതിരിക്കേണ്ടതിന് ആസ്ഥാനത്തേക്ക്

അവർ കടന്നില്ല, അങ്ങനെ അവർക്ക് പെസഹാ ഭക്ഷിക്കുവാനും കഴി യുമായിരുന്നു" (യോഹന്നാൻ 18:28). ആ പ്രസ്താവന മാളിക-മുറി യിലെ അത്താഴത്തിന് ശേഷമാകകൊണ്ട്, വെള്ളിയാഴ്ച്ച-ക്രൂശിക്കൽ നിഷേധിക്കുന്നവർ പറയുന്നത് മുൻപ് കഴിച്ച ഭക്ഷണം പെസഹ ആയി രുന്നില്ല എന്നാണ്. റോബർട്ട്സൺ എഴുതി,

> ഒറ്റ നോട്ടത്തിൽ ഇതു വൈപരീത്യമായി തോന്നുകയില്ല .... എന്നാൽ "പെസഹാ" എന്ന വാക്ക് പുതിയ നിയമത്തിൽ മൂന്ന് അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, പെസഹാ അത്താ ഴം, പെസഹാ കുഞ്ഞാട്, പെസഹാ പെരുന്നാൾ. ഈ സന്ദർഭ ത്തിൽ ഉപയോഗിച്ചിരിക്കുന്നതിനു പുറമെ, യോഹന്നാന്റെ പുസ്തകത്തിൽ ആ വാക്ക് എട്ട് പ്രാവശ്യം ഉപയോഗിച്ചിട്ടു ണ്ട്, ഓരോ സന്ദർഭത്തിലും പെസഹാ പെരുന്നാൾ എന്നാണ് അർത്ഥമാക്കുന്നത്.[18]

സംക്ഷിപ്ത എഴുത്തുകാർ, പ്രസ്താവനകൾ വ്യക്തമാക്കിയിരിക്കുന്നതു കൊണ്ട്, പെസഹാ അത്താഴം വൈകുന്നതിന് മുമ്പ് ഭക്ഷിക്കണം (മത്തായി 26:17-19; മർക്കൊസ് 14:12, 14, 16; ലൂക്കൊസ് 22:8, 11, 13, 15), എട്ടു-ദിവസമുള്ള പെരുന്നാളിൽ ഭക്ഷിക്കുന്നതിനുപുറമെ, മറ്റൊരു (ഒ ന്നിലധികമോ) ഭക്ഷണം കൂടെ ഉണ്ടെന്ന് ന്യായാധിപസഭക്ക് ബോധ്യമുണ്ടായിരുന്നു.[19]

- യേശുവിന്റെ വിചാരണാ സമയം, "പെസഹയുടെ ഒരുക്കനാളായി രുന്നു" എന്ന് യോഹന്നാൻ തിരിച്ചറിഞ്ഞിരുന്നു (യോഹന്നാൻ 19:14). വെള്ളിയാഴ്ച്ചയിലെ ക്രൂശിക്കൽ നിഷേധിക്കുന്നവർ കരുതുന്നത്, "ഒരു ക്കനാൾ" എന്നത് പെസഹക്കുവേണ്ടിയുള്ള ഒരുക്കനാൾ എന്നാണ് സൂചിപ്പിക്കുന്നത് എന്നത്രെ. എന്നാൽ യെഹൂദന്മാർ ആ വാക്ക് ഉപ യോഗിച്ചുവന്നത് ശബ്ബത്തിനുള്ള ഒരുക്കനാളായിട്ടായിരുന്നു (മത്തായി 27:62; മർക്കൊസ് 15:42; ലൂക്കൊസ് 23:54; യോഹന്നാൻ 19:31, 42).[20] ഈ വേദഭാഗത്തിൽ, "പെസഹ" എന്ന വാക്ക് അർത്ഥമാക്കുന്നത്, യോഹന്നാൻ 18:28 ലേതുപോലെ അത്താഴമല്ല, പെരുന്നാളാണ്. എൻ ഐവിയിൽ "പെസഹാ ആഴ്ച്ചയുടെ ഒരുക്കനാൾ" എന്നാണ്. മറ്റൊ രർത്ഥത്തിൽ പറഞ്ഞാൽ, അത് "[പെസഹാ ആഴ്ച്ചയിലെ] [ശബ്ബത്തിനു വേണ്ടിയുള്ള] ഒരുക്കനാൾ ആയിരുന്നു."
- യോഹന്നാൻ 19:31 സൂചിപ്പിക്കുന്നത് യേശു മരിച്ചതിന്റെ പിറ്റേന്നാൾ "ശബ്ബത്തായിരുന്നു" എന്നാണ്, എന്നാൽ അത് "ഒരു മഹാ ദിനമായി രുന്നു." അതിനാൽ അത് ഒരു സാധാരണ ശബ്ബത്തായിരുന്നില്ല (ഏഴാം-നാൾ) എന്നാണ് വെള്ളിയാഴ്ച്ച ക്രൂശിക്കലിനെ എതിർക്കുന്നവർ പറ യുന്നത്, പക്ഷെ അത് പെസഹക്കിടയിൽ വിശ്രമിച്ചിരുന്ന ദിവസങ്ങ ളിൽ ഒന്നായിരുന്നു. മുൻപ് ശ്രദ്ധിച്ചതുപോലെ, ലൂക്കൊസിന്റെ കാല നിർണ്ണയം സൂചിപ്പിക്കുന്നത്, അത് സാധാരണ ഏഴാം-നാളായ ഒരു ശബ്ബത്തായിരുന്നു എന്നാണ്, മറ്റൊരു വിധത്തിൽ ചിന്തിക്കുവാൻ സന്ദർഭം അനുവദിക്കുന്നില്ല. ആ ശബ്ബത്ത് എട്ടു-ദിവസം നീണ്ട പെസ ഹക്കിടയിൽ വന്നു എന്നതാണ് അതിനെ "അധിക പ്രത്യേകത" ഉള്ള

താക്കുന്നത്.[21]

## ഒരു വിശ്വാസ കാര്യമോ?

വെള്ളിയാഴ്ച്ച ക്രൂശിക്കലിനെ എതിർക്കുന്നവർ വേറെയും തടസങ്ങൾ ഉന്നയിക്കുന്നുണ്ട്,[22] എന്നാൽ ഈ വസ്തുതക്ക് ആവശ്യമായതിൽ കൂടുതൽ സ്ഥലവും സമയവും ഞാൻ എടുത്തു കഴിഞ്ഞിരിക്കുന്നു. "പറഞ്ഞതായ എല്ലാ വസ്തുതകളിൽനിന്നും, യേശു വെള്ളിയാഴ്ച്ച ഉച്ച കഴിഞ്ഞതു മുതൽ ഞായറാഴ്ച്ച പുലർച്ചെ വരെ കല്ലറയിലായിരുന്നു എന്ന് ചിന്തിക്കുന്നത് യുക്തിപരമാണെന്ന് തോന്നുന്നു. സുവിശേഷങ്ങളിൽ ആവശ്യപ്പെടുന്നതെല്ലാം നിറവേറുന്നതാണ് ആ കാഴ്ച്ചപ്പാട്."[23] എന്ന് ഹെസ്റ്റർ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. എങ്ങനെയായാലും, ഒരു തീർപ്പലെത്തുവാൻ തെളിവുകളെല്ലാം നിങ്ങൾക്ക് വിട്ടിരിക്കുന്നു. ഇത് ഒരു വിശ്വാസ കാര്യമല്ല എന്ന് ഓർമ്മിക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. എന്നിൽ നിന്നു വ്യത്യസ്തമായ അഭിപ്രായമാണ് നിങ്ങൾക്കുള്ളതെങ്കിലും, ഞാൻ നിങ്ങളെ ഒരു സഹോദരനായി കാണുന്നു - നിങ്ങൾ എന്നേയും അങ്ങനെ കാണുമെന്ന് ഞാൻ കരുതുന്നു.

---

കുറിപ്പുകൾ

[1]മർക്കൊസ് അവസാനിപ്പിക്കുന്നതിനെ വാദിച്ചിട്ടുള്ള ഭാഗമാണ് മർക്കൊസ് 16:9. ആ ഭാഗത്തെ കുറിച്ചുള്ള വാദം ഈ പുസ്തകത്തിൽ പിന്നീട് വരുന്നുണ്ട്. [2]ഈ പുസ്തകത്തിൽ ആദ്യം വന്നിട്ടുള്ള ഉയർത്തെഴുന്നേല്പിനെ കുറിച്ചുള്ള ചർച്ച നോക്കുക. [3]യെഹൂദന്മാർ ദിവസം കണക്കാക്കുന്നത് സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയാണ് എന്ന് ഓർക്കുക. [4]റോബർട്ട് എൽ. തോമസ്, എചി., ആന്റ് സ്റ്റാൻലി എൻ. ഗൺഡ്രി, അസോസി. എഡി., *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (ഷിക്കാഗോ: മൂഡി പ്രസ്, 1978), 320. [5]ആർ. സി. ഫോസ്റ്റർ, *സ്റ്റഡീസ് ഇൻ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971), 187. [6]എഫ്. ലഗാർഡ് സ്മിത്ത്, *ദ നരേറ്റഡ് ബൈബിൽ ഇൻ ക്രൊണോളജിക്കൽ ഓർഡർ* (യൂജീൻ, ഓറേഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1984), 1454–56. [7]*ക്രിസ്തുവിന്റെ ജീവിതം, 3* വരുന്ന "തയ്യാറെടുപ്പ്" എന്ന പാഠം നോക്കുക. [8]"യോഹന്നാന്റെ ശിഷ്യനായിരുന്ന, പോളികാർപ്, യേശു പെസഹാ ഭക്ഷിച്ചിരുന്നതായി പ്രോൽസാഹിപ്പിച്ച് പറഞ്ഞിട്ടുണ്ട് (ഏ. റ്റി. റോബർട്ട്സൺ, *ഏ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ സ്റ്റുഡൻസ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* [ന്യുയോർക്ക്: ഹാർപ്പർ ആന്റ് റോ, 1950], 280). [9]ഈ വേദഭാഗത്തെ കുറിച്ച് കൂടുതൽ അറിയുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 1* ലെ, "മൂന്നു രാവും മൂന്നു പകലും" എന്ന പാഠം നോക്കുക. [10]ഫോസ്റ്റർ, 192.

[11]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ്. വൈ പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 306. ഉദാഹരണത്തിന്, ഉല്പത്തി 42:17, 18; 1 ശമുവേൽ 30:12, 13; 1 രാജാക്കന്മാർ 20:29; 2 ദിനവൃത്താന്തം 10:5, 12 നോക്കുക. കൂടാതെ, എബ്രായർ 11:30 ഉം യോശുവാ 6:15 മായും താരതമ്യം ചെയ്യുക. [12]മൂലഗ്രന്ഥത്തിൽ, മർക്കൊസ് 9:31 ലും 10:34 ലും "മൂന്നു ദിവസത്തിനു ശേഷം" (ഗ്രീക്ക്: *മെറ്റാ*) എന്നാണ്; എന്നാൽ എൻഏഎസ്ബിയിൽ, ഇതു തർജിമ ചെയ്തിരിക്കുന്നത്, "ത്രീ ഡേയ്സ് ലേറ്റർ"

എന്നാണ്. മറ്റൊരു പ്രിപോസിഷൻ (ഡയാ) അന്തർലീനമാക്കിയിരിക്കുന്നത് മത്തായി 26:61 ലും മർക്കൊസ് 14:58 ലും "ശേഷം" എന്നാണ്. [13]ഈ പുസ്തകത്തിൽ മുൻപ് വന്ന തായ "ചരിത്രത്തിലെ മൂന്നു മൂഖ്യ ദിവസങ്ങൾ" എന്ന പാഠം നോക്കുക. [14]ഫോസ്റ്റർ, 191. ക്രൂശിൽ തറെക്കൽ ബുധനാഴ്ച്ച ആക്കിയാൽ, അത് എഴുപത്തി-രണ്ടു മണിക്കുറിൽ അധികം വരും; ക്രൂശിൽ തറെക്കൽ വ്യാഴാഴ്ച്ച ആക്കിയാൽ, മൂന്നു പകലിന്റെയും രാത്രി യുടേയും ഭാഗം മാത്രമെ ആകുന്നുള്ളു, എന്നാൽ ഏഴുപത്തി-രണ്ടു മുഴുവൻ മണി ക്കൂറും വരുന്നില്ല. [15]ഇബിഡ്. [16]റോബർട്ട്സൺ, 281-84. [17]റോബൻട്ട്സൺ കൂടുതൽ തറോ ആയിട്ടുള്ള ഒരു ചർച്ച നടത്തുന്നുണ്ട്. വേറിട്ട ഒരു സമീപനം നടത്തിയ തോമസും ഗൺഡ്രിയും പറഞ്ഞത് ക്രിസ്തു മരിച്ചത് വെള്ളിയാഴ്ച്ചയായിരുന്നു എന്നാണ്. അവർ യോഹന്നാനോടും സംക്ഷിപ്ത വിവരണ ലേഖകന്മാരോടും യോജിച്ച് അവയിലെ സമീ പനം അവിടെഉപയോഗിച്ച സമയവും ദിവസവും കണക്കാക്കുവാൻ കഴിഞ്ഞു (തോമസ് ആന്റ് ഗൺഡ്രി, 321–22). [18]റോബർട്ട്സൺ, 282–83. പെസഹ അത്താഴത്തെ സൂചിപ്പി ച്ചാണ് സംക്ഷിപ്ത എഴുത്തുകാർ "പെസഹ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ യോഹ*ന്നാൻ* ആ വാക്ക് *എങ്ങനെ* ഉപയോഗിച്ചിരിക്കുന്നു എന്നതാണ് നാം ചിന്തിക്കുന്നത്. [19]ഈ വാക്യത്തിൽ "പെസഹ" എന്നു പറഞ്ഞിരിക്കുന്നതു പെസഹാ അത്താഴമല്ല എന്നതിന് ഇതാ മറ്റൊരു കാരണം:ആസ്ഥാനത്തേക്ക് അദ്ധ്യക്ഷന്മാർ സൂര്യാ സ്തമയത്തിന് മുൻ പ് പ്രവേശിച്ചാൽ മാത്രമെ അവർ അശുദ്ധരാകുന്നുള്ളു (ഉദാഹരണ ത്തിന് ആചാരപരമായ അശുദ്ധി കണക്കാക്കുന്നത് സൂര്യാസ്തമയം വരെയാണ്, ലേവ്യാ പുസ്തകം 15:1–24; 17:15, 16). അതുകൊണ്ട്, ചോദിച്ച ദിവസം പെസഹക്കു മുൻപുള്ളതാ ണെങ്കിൽ, സൂര്യൻ അസ്തമിച്ചതുകൊണ്ട് അവർക്ക് അപ്പോൾ പെസഹ ഭക്ഷിക്കുവാൻ കഴിയുമായിരുന്നു. അവർ പെസഹാ അത്താഴത്തെ കുറിച്ച് വിചാരപ്പെട്ടിരിക്കയില്ല, എന്നാൽ മറ്റു ഭക്ഷണത്തെ കുറിച്ചായിരിക്കും. [20]യേശു വെള്ളിയാഴ്ച്ച മരിച്ചു എന്ന് വിശ്വസിക്കുവാനുള്ള എന്റെ രണ്ടാമത്തെ കാരണം (ഈ പുസ്തകത്തിൽ ആദ്യം കൊടു ത്തിട്ടുണ്ട്).

[21]ഈ പുസ്തകത്തിൽ ആദ്യം വന്നിട്ടുള്ള "ചരിത്രത്തിലെ മൂന്ന് പ്രധാന ദിവസ ങ്ങൾ" എന്ന പാഠം നോക്കുക. [22]ഉദാഹരണത്തിന്, പഴയനിയമത്തിലെ പെസഹയെ കുറിച്ച് തടസവാദങ്ങൾ ഉന്നയിക്കുകയും തർക്കിക്കുകയും ചെയ്തിട്ടുണ്ട്. വിഷയപരമായ വാദ ഗതി പറയുന്നത് പെസഹാ കുഞ്ഞാടിനെ ദൈവാലയത്തിൽ അറുത്ത അതേ സമയത്താ യിരുന്നു, അതായത് വ്യാഴാഴ്ച്ചയായിരുന്നു യേശുവിന്റെ യാഗത്തിന് യോജിക്കുന്നത് എന്നാണ്. [23]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യു ടെസ്ററമെന്റ്* (ലിബർട്ടി, മോ.: ക്വാളിറ്റി പ്രസ്, 1963), 224.